(ബി) ഇല്ല.

(സി) ഉണ്ട്. ലോക്കൽ ഫണ്ട് ഡിസ്ട്രിക്റ്റ് എക്സാമിനറുടെ ഓഫീസിലെ ഓഡിറ്റർമാർ ഓഡിറ്റ് ചെയ്യാറുണ്ട്.

വഖഫ് ബോർഡ് പെൻഷൻ നൽകുന്നവർ

117 [137] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡ് ആർക്കെങ്കിലും പെൻഷൻ നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

വഖഫ് ബോർഡിന് ഗ്രാന്റ്

118 [138] ശ്രീ. പി. സി. ജോർജ് :

,, റ്റി. എസ്. ജോൺ :

,, സി. എഫ്. തോമസ് :

,, എം. വി. മാണി :

,, തോമസ് കല്ലംപള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഖഫ് ബോർഡിന് ഗ്രാന്റ് നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സാമ്പത്തിക വർഷം എത്ര രൂപ നൽകും ?

ഉത്തരം

(എ) ഉണ്ട്.

(ബി) 15 ലക്ഷം രൂപ.

റാന്നി-വടശ്ശേരിക്കര-ചാലക്കയം-പമ്പ റോഡിന്റെ വികസനം

119 [139] ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷക്കണക്കിന് ശബരിമല തീർത്ഥാടകർ സഞ്ചരിക്കുന്ന റാന്നി-വടശ്ശേരിക്കര-ചാലക്കയം-പമ്പ റോഡിന്റെ വികസനത്തിന് പ്രത്യേക മായ വല്ല പദ്ധതിയും ഗവൺമെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര രൂപ മതിപ്പ് ചെലവ് ആണ് കണക്കാക്കി യിട്ടുള്ളത് ;

(സി) ഈ പണി എന്ന് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) വടശ്ശേരിക്കര-ചാലക്കയം-പമ്പ റോഡ് പരിഷ്ക്കരണം ശബരിമല വികസനത്തിന് വേണ്ടി തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിൽ ഉൾക്കൊള്ളി ച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly